"ഭരണഭാഷ മാതൃഭാഷ"

"കസ്റ്റഡി
തിരുത്തൽ
നവീകരണം
പുനരധിവാസം"
www.keralaprisons.gov.in

കേരള പ്രിസൺസ് &കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
☏0471-2342532
✉keralaprisons@gov.in

**നടപടികൾ**

വിഷയം : ജയിലുകൾ-ജയിലാസ്ഥാന കാര്യാലയം -ജീവനക്കാര്യം-'മുഖ്യമന്ത്രി എന്നോടൊപ്പം (CM With Me)' എന്ന സമഗ്ര സിറ്റിസൺ കണക്ട് സെന്ററിന്റെ സുഗമമായ പ്രവർത്തനത്തിനായി നോഡൽ ഓഫീസറായി ദക്ഷിണ മേഖല ഡിഐജി ശ്രീ. ബി.ദിനേശ്-നെയും, ലിങ്ക് നോഡൽ ഓഫീസറായി നെട്ടുകാൽത്തേരി ഓപ്പൺ പ്രിസൺ & കറക്ഷണൽ ഹോം സൂപ്രണ്ട് ശ്രീ. സജീവ് എസ്.നെയും നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന : 29/09/2025 തീയതിയിൽ വിവര-പൊതുജന സമ്പർക്ക (ഇ)വകുപ്പിൽ നിന്നുള്ള സ.ഉ.(കൈ) 10/ 2025 A & PRD നമ്പർ ഉത്തരവ്

ഉത്തരവ് നമ്പർ: **KPCS/7308/2025-E6** തീയതി: 04-10-2025

പൊതുജനങ്ങളുമായുള്ള ആശയ വിനിമയം പരിപോഷിപ്പിക്കുന്നതിനായി ആരംഭിക്കുന്ന 'മുഖ്യമന്ത്രി എന്നോടൊപ്പം (CM With Me)' എന്ന പ്രോഗ്രാമുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് ജയിൽ വകുപ്പിലെ നോഡൽ ഓഫീസറായി ദക്ഷിണ മേഖല ഡിഐജി & സിക്കാ ഡയറക്ടർ ശ്രീ. ബി.ദിനേശ് -നെയും, ലിങ്ക് നോഡൽ ഓഫീസറായി നെട്ടുകാൽത്തേരി ഓപ്പൺ പ്രിസൺ & കറക്ഷണൽ ഹോം സൂപ്രണ്ട് ശ്രീ.സജീവ് എസിനെയും നിയമിച്ച് ഉത്തരവാകുന്നു.

Signed by
Preetha V S
PA to DGP & CS
Date: 04-10-2025 15:39:02
for DGP & CS

സ്വീകർത്താവ്: 1. ശ്രീ. ബി.ദിനേശ്
ദക്ഷിണ മേഖല ഡിഐജി & സിക്കാ ഡയറക്ടർ
2. ശ്രീ. സജീവ് എസ്
സൂപ്രണ്ട്, ഓപ്പൺ പ്രിസൺ & കറക്ഷണൽ ഹോം, നെട്ടുകാൽത്തേരി

പകർപ്പ്: എല്ലാ സ്ഥാപന മേധാവികൾക്കും
ജയിലാസ്ഥാനകാര്യാലയത്തിലെ എല്ലാ ഉദ്യോഗസ്ഥർക്കും
വെബ്സൈറ്റ്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

വിവര-പൊതുജനസമ്പർക്ക വകുപ്പ് - പൊതുജനങ്ങളുമായുള്ള ആശയ വിനിമയം പരിപോഷിപ്പിക്കുന്നതിനായി ആരംഭിക്കുന്ന 'മുഖ്യമന്ത്രി എന്നോടൊപ്പം (CM With Me)' എന്ന സമഗ്ര സിറ്റിസൺ കണക്ട് സെന്ററിന്റെ സുഗമമായ പ്രവർത്തനത്തിനായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

---

വിവര-പൊതുജനസമ്പർക്ക (ഇ) വകുപ്പ്

സ.ഉ.(കൈ) നം.10/2025/I&PRD തീയതി,തിരുവനന്തപുരം, 29-09-2025

---

പരാമർശം:- 1. 29.08.2025-ലെ സ.ഉ (കൈ) നം.7/2025/ ഐ&പി.ആർ.ഡി

2. 18.09.2025-ലെ സ.ഉ (കൈ) നം.8/2025/ ഐ&പി.ആർ.ഡി

3. 24.09.2025- ലെ സ.ഉ (കൈ) നം.9/2025/ഐ&പി.ആർ.ഡി

<u>ഉത്തരവ്</u>

സംസ്ഥാന സർക്കാരും പൊതുജനങ്ങളും തമ്മിലുള്ള ആശയ വിനിമയം പരിപോഷിപ്പിക്കുക, ജനങ്ങളുടെ അഭിപ്രായങ്ങൾ ഉൾക്കൊള്ളുക, ജനങ്ങളുടെ പ്രശ്നങ്ങൾക്കു പരിഹാരം കാണുക, സർക്കാരിന്റെ പരിപാടികളും പദ്ധതികളും ജനങ്ങളിലെത്തിക്കുക തുടങ്ങിയ കാര്യങ്ങൾക്കായി 'മുഖ്യമന്ത്രി എന്നോടൊപ്പം (CM With Me)' എന്ന സമഗ്ര സിറ്റിസൺ കണക്ട് സെന്റർ സംവിധാനം ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനു അംഗീകാരം നൽകി പരാമർശം (1), (2) പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത സംവിധാനത്തിന്റെ സുഗമമായ നടത്തിപ്പിനും ഫലപ്രദമായ പ്രവർത്തനത്തിനും വേണ്ടി വർക്കിംഗ് അറേഞ്ച്മെന്റ് അടിസ്ഥാനത്തിൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് (കെ.എ.എസ്) ഓഫീസർമാർ ഉൾപ്പെടെയുള്ള സർക്കാർ ജീവനക്കാരെ ആവശ്യാനുസരണം നിയമിച്ച് പരാമർശം (3) പ്രകാരം ഉത്തരവായിട്ടുണ്ട്.

Scanned with OKEN Scanner

2. സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്ന വികസന-ക്ഷേമ പദ്ധതികളുടെ ഗുണഫലങ്ങൾ ജനങ്ങൾക്ക് അനുഭവവേദ്യമാകുകയും നവകേരള നിർമ്മിതിയിൽ പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തണമെന്നുമുള്ള സർക്കാരിന്റെ കാഴ്ചപ്പാട് ഉൾക്കൊണ്ടുകൊണ്ട് ആരംഭിക്കുന്ന മുഖ്യമന്ത്രി എന്നോടൊപ്പം (CM WITH ME) എന്ന സമഗ്ര സിറ്റിസൺ കണക്ട് സെന്ററിന്റെ പ്രവർത്തനത്തിന് ചുവടെ ചേർക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

- സിറ്റിസൺ കണക്ട് സെന്ററിൽ ലഭിക്കുന്ന പരാതികൾ തുടർനടപടി സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പിലെ നോഡൽ ഓഫീസർക്ക് കൈമാറും.
- ലഭിച്ച പരാതി 48 മണിക്കൂറിനകം പരിഹരിക്കുന്നതിനോ അല്ലെങ്കിൽ തൽസ്ഥിതി അറിയിക്കുന്നതിനോ വകുപ്പ് തലത്തിൽ ആവശ്യമായ നടപടി സ്വീകരിച്ച് തിരികെ സിറ്റിസൺ കണക്ട് സെന്ററിൽ വിവരം കൈമാറേണ്ട ചുമതല അതത് വകുപ്പിലെ നോഡൽ ഓഫീസർക്ക് ആയിരിക്കും.
- അടിയന്തര സ്വഭാവമുള്ള പരാതികളുണ്ടെങ്കിൽ, അവധി ദിവസമാണെങ്കിൽ കൂടി അത് പരിഹരിക്കുന്നതിന് ആവശ്യമായ ക്രമീകരണം ഏർപ്പെടുത്താൻ അതത് സ്ഥാപനമേധാവി നടപടി സ്വീകരിക്കേണ്ടതാണ്.
- ലഭിക്കുന്ന പരാതികളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നുവെന്ന് ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരും ഉറപ്പുവരുത്തേണ്ടതാണ്.
- നോഡൽ ഓഫീസർക്ക് മറുപടി നൽകാൻ ആവശ്യമായ വിവരങ്ങൾ നൽകാൻ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ബാധ്യസ്ഥനാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ നോഡൽ ഓഫീസർക്ക് ലഭ്യമാക്കുന്ന വിവരങ്ങൾ വ്യക്തവും കൃത്യവും ആയിരിക്കണം. ഇത്തരം വിവരങ്ങൾ സമയബന്ധിതമായി വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ നൽകുന്നില്ല എങ്കിൽ പ്രസ്തുത വിവരം നോഡൽ ഓഫീസർ സിറ്റിസൺ കണക്ട് സെന്ററിലെ കെ.എ.എസ്. ഓഫീസറെ അറിയിക്കേണ്ടതാണ്. കെ.എ.എസ്. ഓഫീസർ പ്രസ്തുത വിവരം ചീഫ് സെക്രട്ടറിയെ അറിയിക്കേണ്ടതും വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനെതിരെ കൃത്യവിലോപത്തിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

- പരാതിയിൽ സ്വീകരിച്ച നടപടി സംബന്ധിച്ച് പരാതിക്കാരനെ സിറ്റിസൺ കണക്ട് സെന്ററിൽ നിന്ന് നേരിട്ട് വിവരം അറിയിക്കണം.
- കണക്ട് സെന്ററിൽ ലഭിക്കുന്ന അഭിപ്രായങ്ങൾ, നൂതന ആശയങ്ങൾ എന്നിവ

Scanned with OKEN Scanner

സംബന്ധിച്ച തുടർനടപടി കണക്ട് സെന്ററിന്റെ ചുമതലയുള്ള കെ.എ.എസ് ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമായിരിക്കും.

'1. മുഖ്യമന്ത്രി എന്നോടൊപ്പം (CM With Me)' പരിപാടിയുടെ വിജയകരമായ നടത്തിപ്പിന് ചുവടെ ചേർക്കുന്ന ചുമതല-ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നു.

**1) ജില്ലാ കളക്ടർ**

ജില്ലയിലെ മുഖ്യ ഏകോപന ചുമതല കളക്ടർക്കായിരിക്കും. 'CM with Me'-യുടെ പരാതി പരിഹാരത്തിന്റെ ജില്ലയിലെ പുരോഗതി ആഴ്ചയിലൊരിക്കൽ ബന്ധപ്പെട്ട എല്ലാ വകുപ്പുകളിലെയും ജില്ലാതല മേധാവിയുമായി ചേർന്ന് വിലയിരുത്തി, പരാതി പരിഹാരം സമയബന്ധിതമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

**2) കെ.എ.എസ്. ഓഫീസർ**

- സിറ്റിസൺ കണക്ട് സെന്ററിന്റെ പൊതുവിലുള്ള ഏകോപന ചുമതല അതത് ഷിഫ്റ്റിൽ ഡ്യൂട്ടിയുള്ള കെ.എ.എസ് ഓഫീസർക്ക് ആയിരിക്കും.
- ഉദ്യോഗസ്ഥരുടെ ഡ്യൂട്ടി ക്രമീകരണം ഉൾപ്പെടെ സെന്ററിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ എല്ലാ ക്രമീകരണങ്ങളും പ്രസ്തുത ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്.
- നിലവിൽ ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടുള്ള രണ്ട് കെ.എ.എസ്. ഓഫീസർമാർക്ക് പുറമെ മറ്റ് 5 പേരെക്കൂടി (സെക്രട്ടേറിയറ്റിൽ വിവിധ വകുപ്പുകളിലുള്ള കെ.എസ്.എസ്. ഓഫീസർമാർ) ലിങ്ക് ഓഫീസറായി നിയോഗിക്കണം. അവധി/മറ്റ് കാരണങ്ങളാൽ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ ഇല്ലാത്ത സന്ദർഭങ്ങളിൽ ഇവർക്കായിരിക്കും അവരുടെ ചുമതല.

**3) സെക്രട്ടേറിയറ്റിലെ നോഡൽ ഓഫീസർമാർ**

- CM WITH ME പ്രോഗ്രാമുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പിലും നോഡൽ ഓഫീസറെ നിശ്ചയിച്ച് അതത് സെക്രട്ടറിമാർ അടിയന്തരമായി ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.
- സെക്രട്ടറിക്ക് തൊട്ട് താഴെയുള്ള നോൺ ഐ.എ.എസ്. വിഭാഗത്തിലെ ജോയിന്റ് സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനായിരിക്കണം നോഡൽ ഓഫീസർ.

Scanned with OKEN Scanner

- നോഡൽ ഓഫീസർ അവധി/മറ്റ് കാരണങ്ങളാൽ ഇല്ലാത്ത പക്ഷം ലിങ്ക് നോഡൽ ഓഫീസറെ കൂടി നിശ്ചയിക്കേണ്ടതാണ്. ഇക്കാര്യം അതത് വകുപ്പ് സെക്രട്ടറിമാർ ഉറപ്പുവരുത്തേണ്ടതാണ്.

**4) വകുപ്പുകളിലെ നോഡൽ ഓഫീസർമാർ**

- ആസ്ഥാന ഓഫീസുകളിലെയും ജില്ലകളിലെയും നോഡൽ ഓഫീസർമാർ നിലവിൽ നിയമിക്കപ്പെട്ടിട്ടുള്ള നോഡൽ ഓഫീസർ അവധിയിലാവുകയോ മറ്റേതെങ്കിലും കാരണത്താൽ പ്രസ്തുത ഉദ്യോഗസ്ഥന്റെ സേവനം ലഭ്യമാകാതിരിക്കുകയോ ചെയ്യുന്ന സന്ദർഭങ്ങളിൽ പകരം ലിങ്ക് നോഡൽ ഓഫീസറെ ചുമതലപ്പെടുത്തേണ്ടതാണ്. ഇക്കാര്യം വകുപ്പ്/സ്ഥാപനമേധാവി ഉറപ്പുവരുത്തണം.

II. 'മുഖ്യമന്ത്രി എന്നോടൊപ്പം' എന്ന പരിപാടിയുടെ പ്രവർത്തനം ചീഫ് സെക്രട്ടറി രണ്ടാഴ്ചയിൽ ഒരിക്കൽ ബന്ധപ്പെട്ടവരുമായി വിലയിരുത്തി, അത് സംബന്ധിച്ച റിപ്പോർട്ട് ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശ്യാം വി

ജോയിന്റ് സെക്രട്ടറി

സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും

ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, ഹെൽത്ത് സർവീസ്, തിരുവനന്തപുരം

ഡയറക്ടർ, ആയുഷ്, തിരുവനന്തപുരം

ഡയറക്ടർ, ഐ.ടി മിഷൻ, തിരുവനന്തപുരം

സി.ഇ.ഒ., സ്റ്റാർട്ട് അപ്പ് മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, ടെക്നിക്കൽ എഡ്യൂക്കേഷൻ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം

കമ്മീഷണർ, ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്, തിരുവനന്തപുരം

സംസ്ഥാന പോലീസ് വകുപ്പ്, ആഭ്യന്തര വകുപ്പ്, തിരുവനന്തപുരം

കൺട്രോളർ, ലീഗൽ മെട്രോളജി വകുപ്പ്, തിരുവനന്തപുരം

Scanned with OKEN Scanner

2335466

tary

2333

കമ്മീഷണർ, ഭക്ഷ്യ സുരക്ഷാ വകുപ്പ്, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, തിരുവനന്തപുരം

ഡയറക്ടർ, സ്പോർട്സ് & യൂത്ത് അഫയേഴ്സ് ,തിരുവനന്തപുരം

കമ്മീഷണർ, കാർഷിക കടാശ്വാസ കമ്മീഷണറേറ്റ്, തിരുവനന്തപുരം ഡയറക്ടർ, യുവജനകാര്യവകുപ്പ് ,തിരുവനന്തപുരം

ഡയറക്ടർ, കൃഷി വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, ക്ഷീര വികസന വകുപ്പ്, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി, തിരുവനന്തപുരം

ട്രാൻസ്പോർട്ട് കമ്മീഷണർ, മോട്ടോർ വാഹന വകുപ്പ്, തിരുവനന്തപുരം മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം

ചീഫ് എൻജിനീയർ(ഇറിഗേഷൻ &അഡ്മിനിസ്ട്രേഷൻ) ജലവിഭവ വകുപ്പ് തിരുവനന്തപുരം

ഡയറക്ടർ, ഭൂഗർഭജല വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, ജലജീവൻ മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, വ്യവസായ പരിശീലന വകുപ്പ് , തിരുവനന്തപുരം

ഡയറക്ടർ, നാഷണൽ എംപ്ലോയ്മെൻറ് സർവീസ് (കേരള) തിരുവനന്തപുരം

ഡയറക്ടർ, ന്യൂനപക്ഷ ക്ഷേമ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, പിന്നാക്ക വികസന വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസ വകുപ്പ് തിരുവനന്തപുരം.

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, റവന്യൂ വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

രജിസ്ട്രാർ, സഹകരണ വകുപ്പ് , തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക, തിരുവനന്തപുരം.

മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ, തിരുവനന്തപുരം

കമ്മീഷണർ, ഹൗസിംഗ് ഡിപ്പാർട്ട്മെൻറ്, തിരുവനന്തപുരം

ഡയറക്ടർ, ഫിഷറീസ് , തിരുവനന്തപുരം

Scanned with OKEN Scanner

ചെയർമാൻ/ സെക്രട്ടറി, മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ, തിരുവനന്തപുരം

ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ, വനം വന്യജീവി വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, ടൂറിസം വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, മൈനിങ്ങ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം

കമ്മീഷണർ, വാണിജ്യ നികുതി വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, ലോട്ടറി വകുപ്പ്, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി റോഡ്സ്, പൊതുമരാമത്ത് വകുപ്പ് തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേ, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് ബിൽഡിംഗ്, തിരുവനന്തപുരം

പ്രതിനിധി, സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി, (SLBC).

ഉത്തരവിൻ പ്രകാരം
Signed by
Kavitha. G R
Date: 29-09-2025 22:55:45
സെക്ഷൻ ഓഫീസർ

പകർപ്പ്-ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

പൊതുഭരണ (എസ്.സി) വകുപ്പ്

ജയൻ.ടി, കെ.എ.എസ്

ബിന്ദു പരമേശ്വരൻ, കെ.എ.എസ്

വിവര-പൊതുജനസമ്പർക്ക വകുപ്പ് സെക്രട്ടറിയുടെ സി.എ യ്ക്ക്

വിവര-പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടറുടെ സി.എയ്ക്ക്

ജോയിന്റ് സെക്രട്ടറി, വിവര-പൊതുജനസമ്പർക്ക വകുപ്പ്

Scanned with OKEN Scanner